**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3041** **28-02-2023 - ൽ മറുപടിയ്ക്ക്**

**യുവജനങ്ങളിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് യുവജനങ്ങളിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം ഒഴിവാക്കാൻ വകുപ്പ് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന മദ്യം, മയക്കുമരുന്ന്, പുകയില ഉത്പന്നങ്ങൾ, നിരോധിക്കപ്പെട്ട മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവയുടെ ഉപയോഗം തടയുന്നതിനായി കേരള സംസ്ഥാന യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ വിവിധ പട്ടികജാതി/ പട്ടികവർഗ്ഗ കോളനികളിലും കോളേജുകളിലും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ലഹരി ഉപയോഗത്തിനെതിരെയുള്ള പ്രവർത്തനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമുള്ള കോളേജുകളെ ഏകോപിപ്പിച്ചുകൊണ്ട് യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തി ലഹരിക്കെതിരെ 'ബോധവത്ക്കരണ കലാജാഥ' സംഘടിപ്പിച്ചു വരുന്നുണ്ട്.<br><br>സംസ്ഥാനത്ത് വിദ്യാർത്ഥികളിലും യുവജനങ്ങളിലും ലഹരി ഉപയോഗം വർദ്ധിക്കുന്ന സാഹചര്യത്തിൽ വിവിധ ബോധവത്കരണ പരിപാടികൾ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു വരുന്നുണ്ട്. NO TO DRUGS എന്ന മുദ്രാവാക്യം ഉയർത്തി സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന മയക്കുമരുന്നിനെതിരെ ജനകീയ പ്രതിരോധം ഒരുക്കുവാനുള്ള വിപുലമായ പദ്ധതിയുടെ ഭാഗമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ 2022 മാർച്ച് 30-ന് 140 നിയമസഭാ മണ്ഡലങ്ങളിലും ലഹരി ഉപയോഗത്തിന് എതിരായി ജനസഭ എന്ന പേരിൽ സംഘടിപ്പിച്ച ജനകീയ കൂട്ടായ്മയിൽ മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ, ലഹരി വിരുദ്ധ പ്രതിജ്ഞ, ദീപം തെളിയിക്കൽ തുടങ്ങിയവ നടത്തി. മന്ത്രിമാർ, എംഎൽഎ മാർ, ജനപ്രതിനിധികൾ, പ്രമുഖ വ്യക്തിത്വങ്ങൾ, പോലീസ്, |

എക്സൈസ് മേധാവികൾ, ആരോഗ്യ രംഗത്തെ പ്രമുഖർ, യുവജന ക്ലബ്ബുകളിലെ പ്രവർത്തകർ തുടങ്ങിയവർ പ്രസ്തുത പരിപാടിയിൽ സംബന്ധിക്കുകയുണ്ടായി. ഈ പരിപാടിയിൽ വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്. ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ തുടർച്ചയായി ലോക ലഹരിവിരുദ്ധ ദിനമായ 2022 ജൂൺ 26 ന് 14 ജില്ലാ കേന്ദ്രങ്ങളിൽ യുവജനക്ഷേമ ബോർഡിന് കീഴിലുള്ള ടീം കേരള, യൂത്ത്-യുവ ക്ലബ്, ട്രാൻസ്ജെന്റർ ക്ലബ്, അവളിടം യുവതീ ക്ലബ് എന്നിവയുടെ പങ്കാളിത്തത്തോടെ മയക്കുമരുന്നിനെതിരായി സൈക്കിൾ/ബൈക്ക് റാലി സംഘടിപ്പിച്ചു. 2022 നവംബർ 10ന് എറണാകുളം ജില്ലയിലെ ഇൻഫോ പാർക്കിൽ വച്ചും 2022 നവംബർ 17ന് തിരുവനന്തപുരം ടെക്നോപാർക്കിൽ വച്ചും ലഹരിക്കെതിരായി ഐ.ടി പ്രൊഫഷണലുകളുടെ ക്യാമ്പയിൻ സംഘടിപ്പിക്കുകയുണ്ടായി. യുവജനങ്ങളെ സംഘടിപ്പിച്ചുകൊണ്ട് കൂട്ടയോട്ടവും ഗോൾ ചലഞ്ചും നടത്തുകയുണ്ടായി. 2022-23 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി വിപുലമായ പരിപാടികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. യുവജനക്ഷേമ ബോർഡ് രൂപീകരിച്ച അവളിടം യുവതി ക്ലബ്ബുകളുടെ നേതൃത്വത്തിൽ 14 ജില്ലകളിലും നിയമസഭാ മണ്ഡലങ്ങളിൽ പര്യടനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. ഓരോ ജില്ലയിലും 15 യുവതികൾ അടങ്ങുന്ന സംഘം നടത്തുന്ന കലാജാഥയിൽ തെരുവ് നാടകം, തെരുക്കൂത്ത്, ഫ്ലാഷ് മോബ്, ലഘു വീഡിയോ പ്രദർശനം, സംഗീത ശിൽപം, മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ജാഥയുടെ ജില്ലാതല പരിശീലനം എല്ലാ ജില്ലകളിലും പൂർത്തീകരിച്ചിട്ടുണ്ട്. ഓരോ നിയമസഭാമണ്ഡലത്തിലും സ്കൂൾ, കോളേജ്, പൊതു ഇടങ്ങൾ എന്നിവ കേന്ദ്രീകരിച്ചാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്. സംസ്ഥാന യുവജനക്ഷേമ ബോർഡ് ലഹരിക്കെതിരെയായി തിരുവനന്തപുരത്തുള്ള കരിമഠം കോളനി, രാജാജി നഗർ എന്നിവിടങ്ങളിലെ ചെറുപ്പക്കാർക്കിടയിൽ "Real to Reel" എന്ന പേരിൽ ഒരാഴ്ച (2023 ജനുവരി 20 മുതൽ 27 വരെ) നീണ്ടുനിന്ന സിനിമാ നിർമ്മാണ ശിൽപശാല സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി ലഹരിക്കെതിരെയുള്ള ബോധവൽക്കരണത്തിന്റെ സന്ദേശമുയർത്തി ബോർഡിന്റെ സഹായത്തോടെ ഒരു പ്രചരണ ലഘു ചിത്രം നിർമ്മിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | കോളനിയിലെ ചെറുപ്പക്കാർ തന്നെയാണ് ചിത്രത്തിന്റെ സംവിധാനവും ഏകോപനവും നിർവ്വഹിച്ചിട്ടുള്ളത്.<br><br>ലഹരിക്കെതിരെ വിദ്യാർത്ഥികളെയും യുവജനങ്ങളെയും സംഘടിപ്പിക്കുന്നതിനായി കായിക യുവജനകാര്യ വകുപ്പ് ഹെൽത്ത് & ഫിറ്റ്നസ് അസ്സെസ്സ്മെന്റ് ആൻറ് ആന്റി-ഡ്രഗ് അവെയർനെസ്സ് ക്യാമ്പയിൻ നടപ്പിലാക്കി വരുന്നു. തുടർച്ചയായി 12 മണിക്കൂറിൽ ഏറ്റവുമധികം പെനാൽറ്റി കിക്കുകൾ ചെയ്യുന്നതിനുള്ള ഗിന്നസ് ലോക റെക്കോർഡ് എന്ന പരിപാടിയിൽ ചെറുപ്പക്കാർക്കും വിദ്യാർത്ഥികൾക്കുമായി മയക്കുമരുന്നിനെതിരെയുള്ള അവബോധം കൊണ്ടുവരുന്നതിന് ക്യാമ്പയിൻ സംഘടിപ്പിച്ചിരുന്നു. കൂടാതെ കായിക സ്കൂളുകളിലെ വിദ്യാർഥികൾക്ക് ലഹരി വസ്തുക്കളുടെ ഉപയോഗം കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് ബോധവത്കരിക്കുന്നതിനായി വിവിധ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ